നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നടപടി

83 (149) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2006 മേയ് മാസത്തിലെ നിത്യോപയോഗ സാധനങ്ങളുടെ അന്നത്തെ വിലയേക്കാൾ എത്ര ശതമാനം കൂടിയ വിലയാണ് ഇപ്പോൾ നിത്യോപയോഗ സാധനങ്ങൾക്കുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അന്നത്തെ വിലയേക്കാൾ എത്ര ശതമാനം കൂടിയ വിലയാണ് ഇപ്പോൾ ഉള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2006 മേയ് മാസത്തെ അരിയുടെ വില എത്രയായിരുന്നു ; 2010 ഡിസംബറിലെ അരി വില എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ഡി) മാവേലി സ്റ്റോറുകൾ, സിവിൽസപ്ലൈസ് സ്റ്റോറുകൾ മറ്റ് സർക്കാർ പൊതു വിതരണ സ്റ്റോറുകൾ എന്നിവയിൽ ഒരേ നിത്യോപയോഗ സാധനങ്ങൾക്ക് പല വില ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ വില ഏകീകരിക്കാൻ ഉടൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2006 മേയ് മാസത്തേയും 2010 ഡിസംബർ മാസത്തേയും വില നിലവാരവും വ്യത്യാസവും അനുബന്ധം 'എ' യിൽ ചേർക്കുന്നു.*

(ബി)

ഇനം	ശരാശരി പൊതു വിപണിയിലെ വില		ശരാശരി വില	സപ്ലൈകോ
	മേയ് 2006	ഡിസംബർ 2010	മെയ് 2006	ഡിസംബർ 2010
പുഴുക്കലരി	15	26.50	12.40	12.70
പച്ചരി	12	22..40		12.70

(സി) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ മാർക്കറ്റിടപെടൽ പദ്ധതി തന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തലത്തിൽ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതനുസരിച്ച്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയെക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

(2) സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകൾ വഴിയും 12.70 രൂപയ്ക്ക് പൂഴുക്കലരിയും പച്ചരിയും വിതരണം ചെയ്തുവരുന്നു.

(3) നാലുവർഷം മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 52 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നു. ഇത് സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാകുന്നതിന്റെയും സപ്ലൈകോയിൽ ജനങ്ങൾ കൂടുതലായി വിശ്വാസമർപ്പിക്കുന്നുവെന്നതിന്റെയും വ്യക്തമായ തെളിവാണ്.

(4) ശാസ്ത്രീയമായി സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുകവഴി എല്ലാ വിൽപ്പനശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി. ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

(5) ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുകവഴി പൊതുവിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

(6) യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

(7) ഗോതമ്പ് പൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻകടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു.

(8) എ.ആർ.ഡി. ശബരിസ്റ്റോറുകൾ വഴിയും തീരമൈത്രി സൂപ്പർമാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. മേൽപ്പറഞ്ഞ നടപടികൾവഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.

(9) അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP-യേക്കാളും ശരാശരി 3-7% വിലക്കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP-ൽനിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(10) പൊതു വിപണിയിലേതിനെക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വില്പന നടത്തിവരുന്നു.

(11) ജില്ലാ കളക്ടർമാർ തെരഞ്ഞെടുക്കുന്ന ഹോട്ടലുകൾക്ക് സബ്സിഡികോ അവശ്യ സാധനങ്ങൾ നൽകുകയും അതുവഴി ഹോട്ടലുകളിലൂടെ വിൽക്കുന്ന ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കാനും നടപടി എടുത്തുവരുന്നു.

(12) ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു. വരുന്ന ഓണക്കാലത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഓണച്ചന്തകൾ/ഫെറയുകൾ ഉണ്ടായിരിക്കും.

(13) ലേബർ ബ്യൂറോ ഓഫ് ഇൻഡ്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചിക പ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

(14) പച്ചക്കറികളുടെ വിലയിൽ ഉണ്ടായേക്കാവുന്ന വില വർദ്ധനവ് തടയുന്നതിലേക്കായി സബ്സിഡികോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളിലും പൊതു വിപണി വിലയെക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തി വരുന്നുണ്ട്.

(ഡി&ഇ) മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പന ശാലകൾ വഴി നിത്യോപയോഗ സാധനങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിലകൾക്കാണ് വിൽപ്പന നടത്തുന്നത്. സബ്സിഡികോ സൂപ്പർ മാർക്കറ്റുകളിൽ പായ്ക്കറ്റിൽ വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് പായ്ക്കിംഗ് ചാർജ്ജ് കൂടി ഈടാക്കുന്നതാണ്.

സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും റേഷൻകാർഡ് ലഭ്യമാക്കാൻ നടപടി

84 (150) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻകാർഡ് പുതുക്കി നൽകിയതിനുശേഷം പുതിയതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര എണ്ണത്തിന് തീർപ്പ് കൽപ്പിച്ച് റേഷൻ കാർഡ് നൽകിയിട്ടുണ്ട് ;

(സി) ഇനി എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ട് ;

(ഡി) സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് റേഷൻ കാർഡ് നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly